**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3626** **05-08-2021 - ൽ മറുപടിയ്ക്ക്**

**മാർമല ചെറുകിട ജലവൈദ്യുതപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ തീക്കോയി, തലനാട് വില്ലേജുകളിലായി നിർമ്മിക്കാനുദ്ദേശിക്കുന്ന മാർമല ചെറുകിട ജലവൈദ്യുതപദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ തീക്കോയി, തലനാട് വില്ലേജുകളിലായി മീനച്ചിലാറിന്റെ കൈവഴിയായ മാർമല തോടിലെ വെള്ളച്ചാട്ടത്തിന് മുകളിലായി തടയണ നിർമ്മിച്ച് ജലം സംഭരിച്ച് തുടർന്ന് ടണൽ, പെൻസ്റ്റോക്ക് എന്നിവ വഴി വെള്ളാനിയിലെ പവർ ഹൗസിൽ എത്തിച്ച് 3.5 MW-ന്റെ 2 ടർബൈനുകളുടെ സഹായത്തോടെ 7 MW വൈദ്യുതി ഉദ്പാദിപ്പിക്കുക എന്നതാണ് മാർമല ചെറുകിട ജലവൈദ്യുതപദ്ധതി വഴി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ സ്ഥാപിത ശേഷി 7 മെഗാ വാട്ടും, പ്രതീക്ഷിക്കുന്ന വാർഷിക ഉത്പാദനം 23.02 Mu വുമാണ്. 24.12.2014-ൽ പദ്ധതി നടപ്പാക്കുന്നതിന് IDC & MNRE സബ്സിഡിയും ഉൾപ്പെടെ 56.10 കോടി രൂപയുടെ അനുമതി, 16.02.2015 തീയതിയിലെ G.O(Rt)No.42/2015/PD പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. മാർമല ചെറുകിട ജലവൈദ്യുതപദ്ധതി നടപ്പിലാക്കുന്നതിന് 5.9099 ഹെക്ടർ പട്ടയഭൂമിയും 1.5627 ഹെക്ടർ പട്ടയരഹിത ഭൂമിയും ഉൾപ്പെടെ 7.4726 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. 20.11.2017 തീയതിയിലെ G.O(Rt)No.4937/2017/RD പ്രകാരം നെഗോഷ്യേയേറ്റഡ് പർച്ചേസ് അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | കോട്ടയം ജില്ലാ കളക്ടർ, ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (LA General) പാലായെ ചുമതലപ്പെടുത്തിയതനുസരിച്ച് പാലാ സ്പെഷ്യൽ തഹസിൽദാർ (LA) ഓഫീസിൽ നിന്നും സർവ്വേ ജോലികൾ പൂർത്തിയാക്കി, സർവ്വേ സ്കെച്ചുകൾ സർവ്വേ സൂപ്രണ്ടിന് സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം |

| | | | |
|---|---|---|---|
| | | | ജില്ലാ കളക്ടർ 30.12.2019-ലും 09.01.2020-ലും രണ്ട് ജില്ലാതല പർച്ചേസ് കമ്മിറ്റി യോഗങ്ങൾ വിളിച്ചിരുന്നു. എന്നാൽ പട്ടയമില്ലാത്ത ഭൂമിയുടെ അസസ്സ്മെന്റിൽ തീരുമാനം ആകാത്തതിനാൽ യോഗങ്ങൾ മാറ്റിവച്ചു. പിന്നീട് പട്ടയരഹിത ഭൂമി സൗജന്യമായി നല്കുവാനുള്ള സമ്മതപത്രം ഭൂ ഉടമകൾ സമർപ്പിക്കുകയും തുടർന്ന് 5.9099 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള ഡി.എൽ.പി.സി കൂട്ടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ മുൻപാകെ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ) 24.08.2020- ൽ പുറപ്പെടുവിച്ച കത്ത് വഴി ജില്ലാ കളക്ടറോട്, മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയ്ക്കായി ലാന്റ് അക്വസിഷൻ ആക്ട് 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരി ക്കണമെന്ന് അവശ്യപ്പെട്ടു. അതിൻ പ്രകാരം റിക്വിസിഷൻ ഫോം സമർപ്പിക്കുകയും കണ്ടിൻജൻസി ചാർജ് ആയി 4,38,243/- രൂപ, 10.06.2021 ൽ, പാലാ LA (General) തഹസിൽദാർ ഓഫീസിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. പട്ടയഭൂമി നെഗോഷ്യേയേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കാനായുള്ള നടപടികൾ അന്തിമ ഘട്ടത്തിലായതിനു ശേഷം നടപടിക്രമങ്ങൾ മാറ്റുന്നത് കാലതാമസം സൃഷ്ടിക്കുമെന്ന് കരുതുന്നു. |
| (സി) | ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കാത്തതിനാൽ പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് അവരുടെ സ്ഥലത്ത് കൃഷി ചെയ്യുന്നതിനോ സ്ഥലം ക്രയവിക്രയം നടത്തുന്നതിനോ കഴിയാത്തതിനാൽ പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ